**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607** **07-07-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ ബാങ്ക് തട്ടിപ്പ് തടയുന്നതിൽ വീഴ്ച വരുത്തിയ കേസിൽ സസ്പെൻഷനിലായ സഹകരണ വകുപ്പിലെ പതിനാല് ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ തിരിച്ചെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ടി ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളത്. |
| (സി) | സസ്പെൻഷൻ റദ്ദാക്കിയവരിൽ ചിലർ തട്ടിപ്പുകാർക്ക് ഒത്താശ ചെയ്തു കൊടുത്തവരാണെന്നും ഇവരെ തിരിച്ചെടുക്കുന്നത് നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാനാണെന്നുമുള്ള നിക്ഷേപകരുടെ കൂട്ടായ്മയുടെ ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | സസ്പെന്റ് ചെയ്യപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ക്രമക്കേടുകൾക്ക് ഒത്താശ ചെയ്തുകൊടുത്തെന്ന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ടി ഉദ്യോഗസ്ഥർ ആഡിറ്റുമായും ഇൻസ്പെക്ഷനുമായും ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഉദ്യോഗസ്ഥർക്കെതിരായ<br><br>അന്വേഷണങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളത്. |
| (ഡി) | സഹകരണ ബാങ്കുകളിൽ തട്ടിപ്പ് നടത്തുന്നവരോട് കാട്ടുന്ന മൃദു സമീപനമാണ് കണ്ടല ബാങ്കിലടക്കം തട്ടിപ്പ് നടത്തിവർക്ക് പ്രചോദനമാകുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ തട്ടിപ്പ് നടത്തുന്നവരോട് ഈ സർക്കാർ മൃദുസമീപനം സ്വീകരിച്ചിട്ടില്ല. സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ തടയുന്നതിന് സാധ്യമായ എല്ലാ നിയമാനുസൃത നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.ക്രമക്കേട് കാട്ടുന്നവരുടെ പേരിൽ ക്രിമിനൽ നിയമ പ്രകാരം അന്വേഷണം നടത്തി കടുത്ത ശിക്ഷ ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ